നമ്പർ 232/2014/കൃഷി പ്രകാരം RSS-5 ഗ്രേഡിലുള്ള റബ്ബറും കർഷകരിൽ നിന്നും സംഭരിച്ചിട്ടുണ്ട്. തുടർന്ന് 6-11-2014-ലെ സ.ഉ.(എംഎസ്.) നമ്പർ 254/2014/കൃഷി ഉത്തരവ് പ്രകാരം സംഭരണം നടത്തിയിട്ടുള്ള RSS-4, RSS-5 ഗ്രേഡിലുള്ള റബ്ബറിന്റെ വിലയായി, റബ്ബർ ബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയേക്കാൾ കിലോയ്ക്ക് 5 രൂപ വീതം കൂടുതലായി കർഷകർക്ക് ലഭിച്ചിട്ടുണ്ട്.

(ഡി) റബ്ബർ കർഷകരെ സഹായിക്കുന്നതിന് 2015-16-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള 300 കോടി രൂപയുടെ "റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ്" പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ ഉത്തരവ് (സ.ഉ.(പി) നമ്പർ 269/2015/ഫിൻ. തീയതി 3-7-2015) പുറപ്പെടുവിച്ചിട്ടുണ്ട്. ടി പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർബോർഡ്, കിലോയ്ക്ക് അതതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് നൽകുന്നതാണ്.

റബ്ബർ വിലയിൽ ഗുണപരമായ മാറ്റം

106 (5455) ശ്രീ. ഇ. പി. ജയരാജൻ :
ശ്രീ. കെ. സുരേഷ് കുറുപ്പ് :
ശ്രീ. രാജു എബ്രഹാം :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) റബ്ബർ കിലോഗ്രാമിന് 150 രൂപയെങ്കിലും കർഷകർക്ക് ലഭ്യമാക്കാൻ പ്രഖ്യാപിച്ച പദ്ധതി നടപ്പാക്കി തുടങ്ങിയോ എന്ന് വ്യക്തമാക്കാമോ ;

(ബി) പദ്ധതി നടത്തിപ്പ് ആരംഭിച്ചിട്ടുണ്ടെങ്കിൽ ഇത് റബ്ബർ വിലയിൽ എന്ത് ഗുണപരമായ മാറ്റം വരുത്തിയെന്ന് വ്യക്തമാക്കാമോ ;

(സി) ഈ പദ്ധതിക്കായി നീക്കിവച്ച തുക എത്രയാണെന്ന് വ്യക്തമാക്കാമോ ;

(ഡി) നിലവിലെ സ്ഥിതി വച്ച് നോക്കിയാൽ ഈ തുക പര്യാപ്തമാണോ ; ഇല്ലെങ്കിൽ അധികഫണ്ട് പദ്ധതിക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ ;

(ഇ) സംസ്ഥാനത്ത് ഉല്പാദിപ്പിക്കപ്പെടുന്ന മൊത്തം റബ്ബറിനും പ്രഖ്യാപിച്ച വില ലഭ്യമാക്കാൻ ആവശ്യമാകുന്ന തുക എത്രയായിരിക്കും ; മുൻവർഷത്തെ ഉല്പാദനത്തിന്റെ അടിസ്ഥാനത്തിൽ വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) റബ്ബറിന്റെ വിലത്തകർച്ച കാരണം ദുരിതമനുഭവിക്കുന്ന റബ്ബർ കർഷകരെ സഹായിക്കുന്നതിനായി റബ്ബറിന് കിലോയ്ക്ക് 150 രൂപ താങ്ങുവില നിശ്ചയിച്ച് കർഷകർക്ക് സാമ്പത്തിക സഹായം നേരിട്ട് ലഭ്യമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി 3-7-2015-ലെ സ.ഉ.(പി) നമ്പർ 269/2015/ധന. പ്രകാരം 'റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം' എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്.

(ബി) പദ്ധതി നടത്തിപ്പ് പ്രാരംഭഘട്ടത്തിൽ ആയതിനാൽ റബ്ബർ വിലയിൽ വന്നമാറ്റം ഇപ്പോൾ വ്യക്തമാക്കുവാൻ കഴിയുകയില്ല.

(സി) ഈ പദ്ധതിക്കായി 300 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

(ഡി&ഇ) ഈ തുക പര്യാപ്തമാകുമെന്ന് പ്രതീക്ഷിക്കുന്നു.

റബ്ബർ വിലസ്ഥിരതാഫണ്ട് രൂപീകരണവും താങ്ങുവിലയും

107 (5456) ശ്രീ. എം. എ. ബേബി :

ശ്രീ. എസ്. രാജേന്ദ്രൻ :

ശ്രീ. ബാബു എം. പാലിശ്ശേരി :

ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2015-16 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റബ്ബർ കർഷകരെ സഹായിക്കാൻ പ്രഖ്യാപിച്ച വില സ്ഥിരതാഫണ്ട് രൂപീകരണം എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കാമോ ;

(ബി) റബ്ബറിന് താങ്ങുവില നൽകിയുള്ള സംഭരണം എന്നുമുതൽ ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) റബ്ബർബോർഡ് ദൈനംദിനവിലയും താങ്ങുവിലയും തമ്മിലുള്ള വില വ്യത്യാസം കണക്കാക്കി കർഷകർക്ക് ലഭ്യമാക്കാൻ റബ്ബർ ഉൽപാദക ജില്ലകളിലെ ഏതെല്ലാം സ്ഥാപനങ്ങളുടെ സേവനമാണ് ലഭ്യമാക്കുകയെന്ന് അറിയിക്കാമോ ;

(ഡി) റബ്ബർ കർഷക രജിസ്ട്രേഷൻ എല്ലാ പ്രദേശത്തും നടക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?